# മഴവില്ല് മലയാള പാഠാവലി (ഭാഗം - 2)

***പദങ്ങൾ കണ്ടെത്തി അടിവരയിടൽ, ഒന്നിലധികം പദങ്ങൾ ചേർന്ന ഒറ്റപ്പദങ്ങൾ കണ്ടെത്തൽ, ഉത്തരം കണ്ടെത്തിയെഴുതൽ, ചോദ്യം നിർമിച്ചെഴുതൽ, ചിത്രവുമായി ബന്ധപ്പെട്ട ഭാഗം കണ്ടെത്തിയെഴുതൽ*** *എന്നീ പ്രവർത്തനങ്ങൾ പഠിതാവിനെ സൂക്ഷ്മവായനയിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ്.*

***കളിപ്പത്രം***- *ആശയപ്രകടനത്തിനും സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനമാണിത്.*

***ഇഷ്ടപ്പെട്ട കവികൾ/കവയിത്രികൾ*** - *മലയാള കവികളെ/കവയിത്രികളെ പരിചയപ്പെടുന്നതിനുവേണ്ടിയുള്ള പ്രവർത്തനം.*

***വേഗത്തിൽ വായിക്കാമോ ?*** - *നാവു വഴങ്ങുന്നതിനും ഉച്ചാരണശുദ്ധി വരുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനമാണ്.*

***ഡയറി എഴുത്ത്*** - *ലേഖനത്തിലൂടെ അനുദിനം ആശയം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണ് ഡയറി എഴുത്ത്. ഡയറി എഴുതിതുടങ്ങുന്നതിനുള്ള പരിശീലനവും ഇതിൽ നിന്നും ലഭിക്കുന്നു.*

*പദങ്ങൾ കണ്ടെത്തി അടിവരയിടൽ, ഇഷ്ടപ്പെട്ട കവികൾ/ കവയിത്രികൾ, വേഗത്തിൽ വായിക്കാമോ - ഈ പ്രവർത്തനങ്ങൾ കുട്ടികൾ സ്വന്തമായി ചെയ്യേണ്ടതാണ്.*

## എന്റെ നാട്

1. താഴെ കൊടുക്കുന്ന ചിത്രങ്ങളുമായി ബന്ധമുള്ള വരികൾ കവിതയിൽനിന്നു കണ്ടെത്തി എഴുതാമോ?

   ചിത്രം-1 : പുഴയൊഴുകും എന്റെ നാട്
   മലനിരകൾ ഉള്ള നാട്
   വനഭംഗിയാൽ തുടിക്കും
   കേരളം മനോഹരം.

   ചിത്രം-2 : തെങ്ങുതിങ്ങും എന്റെ നാട്
   അറബിക്കടലിന്റെ നാട്

   ചിത്രം-3 : ഭാരതത്തിലുള്ള നാട്
   കഥകളിയുടെ ജന്മനാട്.

2. കവിതയിൽ നിന്നും ഉത്തരം കണ്ടെത്തി എഴുതാമോ?
   1. മലയാളമാണ് കേരളത്തിലെ ഭാഷ.
   2. കേരളത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള കടലാണ് അറബിക്കടൽ.
   3. കേരളം ഭാരതത്തിന്റെ ഭാഗമാണ്.
   4. കഥകളിയാണ് കേരളത്തിന്റെ കലാരൂപം.
   5. നെൽക്കതിരുകളാണ് കാറ്റിൽ ആടുന്നത്.



3. കവിത വായിച്ച് കേരളത്തെപ്പറ്റി എത്ര വാക്യങ്ങൾ എഴുതാം.
   കേരളത്തിൽ എല്ലായിടത്തും തെങ്ങുകൾ കാണാം. കേരളത്തിലെ ഭാഷ മലയാളമാണ്. കേരളത്തിൽ പതിന്നാല് ജില്ലകളുണ്ട്. കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

പുഴ - വഞ്ചി, ജലം, തീരം, മീൻ
മല - കൃഷി, കാട്, താഴ്‌വര, പുഴ
കടൽ - തിര, ചിപ്പി, ഉപ്പ്, കപ്പൽ

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് പുഴ, മല, കടൽ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

തീരത്തുനിന്നാൽ ആളുകൾ വഞ്ചി തുഴഞ്ഞ് പോകുന്നത് കാണാം.
മല - മലകൾ വെട്ടിനിരത്തി മനുഷ്യർ കൃഷി ചെയ്യാറുണ്ട്. മലയിൽനിന്നാണ് പുഴ തുടങ്ങുന്നത്.
കടൽ - കടൽ വെള്ളത്തിന് ഉപ്പു രസമാണ്. കടലിലൂടെയാണ് കപ്പൽ സഞ്ചരിക്കുന്നത്.

താഴെ കൊടുത്തിരിക്കുന്ന പദങ്ങൾക്കനുയോജ്യമായ സമാനപദങ്ങൾ കണ്ടെത്തി നമ്പർ എഴുതാം.

(4) ഇളകുക, (5) സ്നേഹം, (1) വെളുത്തനിലാവ് (പൂർണചന്ദ്രൻ), (3) തേൻ, (2) ഭംഗിയുള്ളത്.

താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ അക്ഷരമാലാ ക്രമത്തിൽ ക്രമീകരിക്കാമോ ?

| | | | |
|---|---|---|---|
| അറബിക്കടൽ | ആന | ഇര | ഈച്ച |
| ഉറി | എരുമ | ഏണിമ | ഒരുമ |
| ഔഷധം | | | |

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാമോ ?

| | |
|---|---|
| മലയാളം - ഭാഷ | തെങ്ങ് - വെളിച്ചെണ്ണ |
| കഥകളി -കലാരൂപം | പെരിയാർ - പുഴ |
| കേരളം - ഭാരതം | |

മാതൃക നോക്കി ചേർത്തെഴുതാമോ ?

| | |
|---|---|
| നെൽക്കതിർ | ഭാരതത്തിലുള്ള |
| ഞാനതിനെ | കാറ്റിലാടും |

താഴെ കൊടുത്തിരിക്കുന്ന പദങ്ങളെ അതാത് കളത്തിലാക്കാമോ?

മരം - തെങ്ങ്, മാവ്   പഴങ്ങൾ - ആപ്പിൾ, മുന്തിരി
ഭാഷ - മലയാളം, ഇംഗ്ലീഷ്
കലാരൂപം - കഥകളി, നാടകം, സിനിമ.

## കളിവഞ്ചി

2. താഴെ കാണുന്ന ചിത്രങ്ങളുമായി ബന്ധമുള്ള വരികൾ പാഠഭാഗത്തു നിന്നു കണ്ടെത്തി എഴുതാം.

ചിത്രം 1 - മഴ പെയ്തു തീർന്നപ്പോൾ ആകാശം തെളിഞ്ഞു.

ചിത്രം 2 - തവളകളുടെ ക്രോം ക്രോം ശബ്ദം കേട്ടപ്പോൾ സാജൻ പറമ്പിലൂടെ നടന്ന് തോടിന്റെ അരികിലെത്തി.

ചിത്രം 3 - കുറച്ചു സമയത്തിനുള്ളിൽ സാജൻ ഒരു കളിവഞ്ചിയുമായി തോടിന്റെ അരികിലെത്തി. അവനതു വെള്ളത്തിൽ ഒഴുക്കി വിട്ടു.

ചിത്രം 4 - ആ സമയം കാർമേഘം സൂര്യനെ മറച്ചു. വീണ്ടും മഴപെയ്യാൻ തുടങ്ങി.

3. അടിയിൽ വരച്ച പദം മാറ്റി പകരം പദം എഴുതാം.
   1. കുട്ടികൾ ക്ലാസ്സിൽ ഒച്ച ഉണ്ടാക്കരുത്.
   2. മഴയ്ക്കുമുമ്പ് മാനത്ത് മഴക്കാറ് കാണാം.
   3. ഇരുട്ടിൽ വഴി കാണാൻ വെളിച്ചം വേണം.

4. ഒന്നിലധികം പദങ്ങൾ ചേർന്ന ഒറ്റപ്പദങ്ങൾ കണ്ടെത്താമോ?
   1. ഒഴുകിപ്പോകുക = ഒഴുകി + പോകുക
   2. അരികിലെത്തി = അരികിൽ + എത്തി
   3. നുള്ളിയിട്ടു = നുള്ളി + ഇട്ടു

5. ഉത്തരം എഴുതാം.
   1. മഴപെയ്തു തീർന്നപ്പോൾ ആകാശം തെളിഞ്ഞു.
   2. സാജൻ പറമ്പിലൂടെ നടന്ന് തോടിന്റെ അരികിലെത്തി.
   3. സാജൻ ഒരു കളിവഞ്ചിയാണ് വെള്ളത്തിൽ ഒഴുക്കിയത്.
   4. കാർമേഘമാണ് സൂര്യനെ മറച്ചത്.
   5. കാർമേഘമാണ് മഴ പെയ്യാൻ കാരണം.
   6. മഴക്കാലമായാൽ തോടും കുളവും നിറയും. ആകാശത്തിന് ഇരുണ്ട നിറമായിരിക്കും. മഴ കൂടിയാൽ വെള്ളപ്പൊക്കവും ഉണ്ടാകും. മഴക്കാലത്ത് കുടയില്ലാതെ യാത്ര ചെയ്യാൻ കഴിയില്ല. ജലദോഷവും പനിയും മഴക്കാലത്തുണ്ടാകുന്ന രോഗങ്ങളാണ്.

6. ചോദ്യം നിർമിക്കാമോ?
   1. എന്താണ് നിറഞ്ഞൊഴുകിയത്?
   2. സാജൻ എങ്ങോട്ടാണ് തിരിച്ചു നടന്നത്?
   3. സാജൻ എന്താണ് തോട്ടിലേക്ക് നുള്ളിയിട്ടത്?
   4. ക്രോം ക്രോം ശബ്ദം ഉണ്ടാക്കിയതാര്?



   5. സാജൻ കളിവഞ്ചി ഉണ്ടാക്കാൻ എന്താണ് ഉപയോഗിച്ചത്?

7. കുട്ടികൾ സ്വന്തമായി കളിവഞ്ചി നിർമിക്കേണ്ടതാണ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

ആകാശം - നക്ഷത്രങ്ങൾ, സൂര്യൻ, വിമാനം, പക്ഷികൾ

മഴ - കാർമേഘം, വെള്ളം, തണുപ്പ്, കൃഷി

സൂര്യൻ - മഴ, ചൂട്, വെളിച്ചം, വെയിൽ

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് ആകാശം, മഴ, സൂര്യൻ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

ആകാശം - ആകാശത്തിലൂടെയാണ് വിമാനം പറക്കുന്നത്.

രാത്രിയായാൽ ആകാശത്ത് നക്ഷത്രങ്ങൾ കാണാം.

മഴ- മഴക്കാലത്ത് നല്ല തണുപ്പായിരിക്കും.

സൂര്യൻ - സൂര്യനിൽനിന്നാണ് നമുക്ക് ചൂടും വെളിച്ചവും കിട്ടുന്നത്. സൂര്യന്റെ ചൂടേറ്റ് ജലം നീരാവിയാകുമ്പോഴാണ് നമുക്ക് മഴ കിട്ടുന്നത്.

താഴെയുള്ള കളങ്ങളിലെ പദങ്ങൾ ശരിയായി ചേർത്തെഴുതാമോ ?

സൂര്യൻ ഉദിച്ചു.

തോട് നിറഞ്ഞൊഴുകി.

വെള്ളത്തിൽ ഒഴുക്കി വിട്ടു.

മഴ പെയ്യാൻ തുടങ്ങി.

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാം.

ക്രോം ക്രോം - തവള    മഴ - കാർമേഘം

ചന്ദ്രൻ- ആകാശം    പറമ്പ് - പുൽനാമ്പ്

കടലാസ് - കളിവഞ്ചി

മാതൃക നോക്കി ചേർത്തെഴുതാമോ ?

അരികിലെത്തി, നിറഞ്ഞൊഴുകുന്ന, ഒഴുകിപ്പോകുന്ന, പുൽനാമ്പ് കണ്ടെത്താം.

പറ, കത്രിക, മഹാബലി

പേരിടാമോ ?

സതി, സാവിത്രി, സിന്ധു, സുലോചന, സുമേഷ്, സോമൻ, സൗമിനി, സൂസി.

## മടിയനു കിട്ടിയ ശിക്ഷ

2. ചിത്രം നോക്കി എഴുതാം.

ചിത്രം-1 : അയാൾക്ക് ഒരു കാളയും ഒരു കഴുതയും ഉണ്ടായിരുന്നു.

ചിത്രം-2 : കാള, കഴുത പറഞ്ഞതുപോലെ അനുസരിച്ചു.
ചിത്രം-3 : കാളയെ അഴിക്കാനെത്തിയ കൃഷിക്കാരൻ അതിനു സുഖമില്ലെന്നു കരുതി കഴുതയേയും കൂട്ടി വയലിലേക്കു നടന്നു.
ചിത്രം-4 : സന്ധ്യയാകുന്നതുവരെ കഴുത വയലിൽ പണിയെടുത്തു.

3. ഉത്തരം കണ്ടെത്തി എഴുതാം.
   1. ഖാദർ ഒരു കൃഷിക്കാരനായിരുന്നു.
   2. കാള ഉത്സാഹിയും കഴുത മടിയനുമായിരുന്നു.
   3. വിശ്രമമില്ലാതെ പണിയെടുത്താൽ പെട്ടെന്ന് ആരോഗ്യം നശിച്ചു ചത്തുപോകുമെന്ന് കഴുത കാളയെ ഉപദേശിച്ചു.
   4. മടിയൻമാർ പതിവായി പണിയെടുക്കേണ്ടി വരുമെന്ന് കഴുതക്ക് മനസ്സിലായി.
   5. കുട്ടികൾ ഇഷ്ടമുള്ള മൃഗത്തെ കണ്ടെത്തട്ടെ.
   6. കുട്ടികൾ പേര് കണ്ടെത്തണം.
4. കഥയിൽ നിന്നു എത്ര ചോദ്യങ്ങൾ സ്വന്തമായി നിർമിക്കാം.
   1. ഏതു മൃഗമാണ് അലഞ്ഞു നടന്നത്?
   2. കാള എവിടെയാണ് വിശ്രമമില്ലാതെ പണിയെടുത്തത്?
   3. കാള പൊട്ടിക്കരയാൻ കാരണമെന്ത്?
   4. കാളയെ അഴിക്കാൻ ആരാണ് എത്തിയത്?
   5. ആരോഗ്യത്തിന് എന്താണ് ആവശ്യമായിട്ടുള്ളത്?
5. ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ ഒറ്റപ്പദങ്ങൾ കണ്ടെത്തൂ.
   വിശ്രമമില്ലാതെ - വിശ്രമം + ഇല്ലാതെ
   പണിയെടുത്തു - പണി + എടുത്തു
   സുഖമില്ലെന്നു - സുഖം + ഇല്ലെന്നു
   പണിയൊന്നും - പണി + ഒന്നും
6. ഓരോ ചിത്രത്തിനും താഴെയുള്ള അക്ഷരം ചേർത്ത് ചിത്രത്തിൽ ആരെന്ന് / എന്തെന്ന് എഴുതാമോ?
   കാക്ക, നഖം, ഗജം, മേഘം

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.
വയൽ - മഴ, കൊയ്ത്ത്, വിത്ത്, കർഷകൻ
മടിയൻ - ദുഃഖം, പരിഹാസം, ദാരിദ്ര്യം, പട്ടിണി

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് വയൽ, മടിയൻ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ എഴുതൂ.
വയൽ - വിത്ത് വിതയ്ക്കുന്നതിനു മുമ്പ് വയൽ ഉഴുതു മറിക്കണം, വയലിൽനിന്ന് നല്ല വിളവു കിട്ടാൻ നന്നായി പണിയെടുക്കണം.
മടിയൻ - മടിയൻ പട്ടിണി കിടക്കേണ്ടി വരും. മടിയനെ എല്ലാവരും പരിഹസിക്കും.



അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.
ഖാദർ - കൃഷിക്കാരൻ
കാള - ഉത്സാഹി
കഴുത - മടിയൻ
വയൽ - കൃഷി
പണി - ആരോഗ്യം

കൃഷി ചെയ്യാം.
നിലം ഉഴുതു മറിക്കണം.
വിത്ത് വിതയ്ക്കണം.
കള പറിക്കണം.
വളം ഇടണം.
കീടനാശിനി തളിക്കണം.

എത്ര മൃഗങ്ങളാണ് ഈ കളങ്ങളിൽ ഒളിച്ചിരിക്കുന്നത് ? കണ്ടുപിടിച്ചെഴുതാമോ ?
പൂച്ച, ആന, പന്നി, പശു, നായ, കഴുത, കുരങ്ങൻ, കുതിര.

കണ്ടെത്താം.
ചക്ക, സൂര്യൻ, മഞ്ചാടിക്കുരു.

പദങ്ങൾ ക്രമപ്പെടുത്തി വാക്യങ്ങൾ നിർമിക്കാം.
മടിയനു ശിക്ഷ കിട്ടും.
കഴുത ഉപായം പറഞ്ഞു.
കഴുത വയലിൽ പണിയെടുത്തു.
കാള ചത്തതുപോലെ കിടന്നു.

ചേർത്തെഴുതാമോ ?
വിശ്രമമില്ലാതെ.
പണിയെടുത്താൽ
അഴിക്കാനെത്തിയ
പൊട്ടിക്കരഞ്ഞു
സുഖമില്ലെന്നു

## സത്യസന്ധനായ ബാലൻ

2. പാഠഭാഗം വായിച്ച് ചിത്രവുമായി ബന്ധമുള്ള വാക്യങ്ങൾ കണ്ടെത്തി എഴുതാം.
   ചിത്രം-1 : രോഗിയും വൃദ്ധനുമായ പിതാവിനെ ശുശ്രൂഷിക്കേ

ണ്ടത് തന്റെ കടമയാണെന്ന് അവൻ കരുതി.
ചിത്രം-2 : ദുഃഖം ഉള്ളിലൊതുക്കി അവൻ കായികപരിശീലനത്തിൽ പങ്കെടുക്കാൻ തുടങ്ങി.
ചിത്രം-3 : കാർമേഘം മൂലം സൂര്യനെ കാണാതിരുന്നതാണ് കുഴപ്പത്തിനു കാരണമായത്.
ചിത്രം-4 : ഈ ബാലനാണ് പിന്നീട് ഭാരതത്തിന്റെ രാഷ്ട്രപിതാവായിത്തീർന്ന മഹാത്മാഗാന്ധി.

3. ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ ഒറ്റപ്പദങ്ങൾ കണ്ടെത്തി എഴുതൂ.
വിട്ടാലുടൻ - വിട്ടാൽ + ഉടൻ
കടമയാണെന്നു - കടമ + ആണെന്നു
ശിക്ഷയാണ് - ശിക്ഷ + ആണ്

4. ഉത്തരം എഴുതാം.
   1. സ്കൂൾ വിട്ടാലുടൻ അച്ഛന്റെ അടുത്തേക്കാണ് മോഹൻദാസ് ഓടിയെത്തിയത്.
   2. രോഗിയും വൃദ്ധനുമായ പിതാവിനെ ശുശ്രൂഷിക്കേണ്ടത് തന്റെ കടമയാണെന്ന് മോഹൻദാസ് കരുതി.
   3. കാർമേഘം സൂര്യനെ മറച്ചതിനാൽ മോഹൻദാസിന് സമയം കണക്കാക്കാൻ കഴിഞ്ഞില്ല. പരിശീലനത്തിനെത്താൻ വൈകിയത് ഇതുകൊണ്ടാണ്.
   4. ചെയ്യാത്ത തെറ്റിനു ശിക്ഷ അനുഭവിക്കേണ്ടി വന്നതുകൊണ്ടാണ് മോഹൻദാസ് പൊട്ടിക്കരഞ്ഞത്.
   5. ഭാരതത്തിന്റെ രാഷ്ട്രപിതാവാണ് മഹാത്മാഗാന്ധി.

5. ചോദ്യം നിർമിക്കാം.
   1. ശനിയാഴ്ചകളിൽ എപ്പോഴായിരുന്നു കായിക പരിശീലനം?
   2. മോഹൻദാസ് പരിഭ്രമിക്കാൻ കാരണമെന്ത്?
   3. മോഹൻദാസ് എങ്ങനെയാണ് സമയം കണക്കാക്കിയിരുന്നത്?
   4. ആരോടാണ് മോഹൻദാസ് സത്യം പറഞ്ഞത്?
   5. മോഹൻദാസ് സങ്കടപ്പെടാൻ കാരണമെന്ത്?

6. ഓരോ ചിത്രത്തിനും താഴെയുള്ള അക്ഷരം ചേർത്ത് ചിത്രത്തിൽ ആരെന്ന് / എന്തെന്ന് എഴുതാമോ?
ചേന, ഛായ, ജനൽ, ഝഷം, ഞണ്ട്

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.
സ്കൂൾ - അധ്യാപിക, മണിയടി, പാഠം, കുട്ടികൾ



മഹാത്മാഗാന്ധി - സത്യം, രാഷ്ട്രപിതാവ്, സ്വാതന്ത്ര്യം, അഹിംസ.
പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് സ്കൂളിനെപ്പറ്റിയും മഹാത്മാഗാന്ധിയെപ്പറ്റിയും രണ്ട് വാക്യങ്ങൾ വീതം എഴുതാം.
സ്കൂൾ - സ്കൂളിൽവച്ചാണ് നാം പാഠങ്ങൾ പഠിക്കുന്നത്. സ്കൂളിൽ ധാരാളം കുട്ടികൾ പഠിക്കാനെത്തുന്നു. മഹാത്മാഗാന്ധി - മഹാത്മാഗാന്ധി നമ്മുടെ രാഷ്ട്രപിതാവാണ്. മഹാത്മാഗാന്ധി സത്യസന്ധനായിരുന്നു.

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.
സത്യസന്ധൻ - സത്യം പാലിക്കുന്നവർ
കായികപരിശീലനം - നിർബന്ധം
മോഹൻദാസ് - യഥാർത്ഥ പേര്
തെറ്റ് - ശിക്ഷ
രാഷ്ട്രപിതാവ് - മഹാത്മാഗാന്ധി

ചേർത്തെഴുതാമോ ?
വിട്ടാലുടൻ ഉള്ളിലൊതുക്കി പറഞ്ഞെങ്കിലും
കടമയാണെന്നു ശിക്ഷയാണ്.

ചായ ഉണ്ടാക്കുന്നതെങ്ങനെയെന്ന് കുഞ്ചുവിന് അറിയില്ല. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ വേണ്ടവിധത്തിൽ യോജിപ്പിച്ചെഴുതി കുഞ്ചുവിനെ പഠിപ്പിക്കാമോ ?
പാത്രം കഴുകി വെള്ളം എടുത്തു. പാൽ ഒഴിച്ചു.
അടുപ്പിൽ വച്ചു. തീ കത്തിച്ചു. പാൽ തിളച്ചു.
തേയില ഇട്ടു. പഞ്ചസാര ചേർത്തു.
ഗ്ലാസ്സിൽ ഒഴിച്ചു. ചായകുടിച്ചു.

കണ്ടെത്താം.
ഉള്ളി ചിലന്തി
മൺകലം

പദങ്ങൾ ക്രമപ്പെടുത്തി വാക്യങ്ങൾ നിർമിക്കാം.
തെറ്റിനു ശിക്ഷ കിട്ടണം.
മഹാത്മാഗാന്ധി ഭാരതത്തിന്റെ രാഷ്ട്രപിതാവാണ്.
സ്കൂളിൽ കായിക പരിശീലനം നിർബന്ധമാണ്.
മോഹൻദാസിനെ കാർമേഘം ചതിച്ചു.

## മാവേലി വന്നാൽ

1. ചിത്രം നോക്കി കവിതയിൽ നിന്നും യോജിച്ച വരികൾ കണ്ടെത്തി എഴുതാം.
ചിത്രം-1 : മാഞ്ചോട്ടിൽ പോയിട്ട് ചില്ല കുലുക്കി
മാമ്പഴം വീഴ്ത്തിക്കൊടുക്കും.

ചിത്രം-2 : മാവേലി മന്നന്റെ തിരുമുമ്പിൽ വലിയൊരു പൂക്കളമിട്ടുകൊടുക്കും.

ചിത്രം-3 : മാവേലി മന്നനെ വീട്ടിലിരുത്തി പായസം വിളമ്പിക്കൊടുക്കും.

2. കവിതയിൽ നിന്ന് ഉത്തരം കണ്ടെത്തി എഴുതാമോ?
   1. മഹാബലി വരുമ്പോൾ മാലിനി മാവിൻ ചുവട്ടിൽ പോയി ചില്ല കുലുക്കി മാമ്പഴം വീഴ്ത്തി കൊടുക്കും.
   2. ശ്രീലതയാണ് പൂക്കളമിടുന്നത്.
   3. മഹാബലിക്കാണ് ഗായത്രി പായസം വിളമ്പി കൊടുക്കുന്നത്.

   4, 5, ചോദ്യങ്ങൾക്കുള്ള ഉത്തരം പഠിതാക്കൾ സ്വയം ആലോചിച്ച് എഴുതേണ്ടതാണ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

ഓണം - ഓണക്കളി, പൂക്കളം, ചിങ്ങം, മാവേലി

പായസം - തേങ്ങ, മധുരം, ശർക്കര, അരി

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് ഓണത്തെപ്പറ്റിയും പായസത്തെപ്പറ്റിയും രണ്ട് വാക്യങ്ങൾ വീതം എഴുതാം.

ഓണം - ഓണം ചിങ്ങമാസത്തിലാണ്. മാവേലിയുമായി ഓണത്തിന് ബന്ധമുണ്ട്.

പായസം - പായസത്തിന് മധുരമാണ്. തേങ്ങയും ശർക്കരയും പായസത്തിന്റെ പ്രധാന ഘടകങ്ങളാണ്.

മാതൃക നോക്കി ചേർത്തെഴുതാമോ ?

| | | |
|---|---|---|
| വീട്ടിലിരുത്തി | വലിയൊരു | വിളമ്പിക്കൊടുക്കും |
| മാഞ്ചോട്ടിൽ | തിരുമുമ്പിൽ | |

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.

| | |
|---|---|
| ഓണം - ചിങ്ങമാസം | മഹാബലി - രാജാവ് |
| അവിയൽ - സദ്യ | മധുരം - പായസം |
| പൂക്കളം - മുറ്റം. | |

വാക്യങ്ങൾ വാക്യങ്ങൾ

| | | |
|---|---|---|
| പപ്പടം കാച്ചി | പായസം വച്ചു | ഊഞ്ഞാൽ ആടി |
| പൂക്കളം ഇട്ടു | കോടി ഉടുത്തു. | |

പായസത്തിന് എന്തെല്ലാം സാധനങ്ങളാണ് വേണ്ടതെന്ന് അറിയില്ല. ഈ അക്ഷരക്കളത്തിൽ നിന്ന് അവ കണ്ടെത്തി അമ്മുവിന് എഴുതിക്കൊടുക്കാമോ ?

ശർക്കര, ഏലക്ക, പരിപ്പ്, നെയ്യ്, കശുവണ്ടി, കലം.

## മല്ലികയുടെ പ്രഭാതം

2. ചിത്രം നോക്കി വാർത്ത കണ്ടെത്തി തലക്കെട്ട് എഴുതി ചേർക്കൂ.

   ഓണാഘോഷം, പൂക്കുന്നുകൾ



3. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. പത്രവും നോട്ട്ബുക്കുമായി മല്ലിക ആരുടെ സമീപമാണ് എത്തിയത്.
   2. പൂക്കളമത്സരത്തിൽ ആർക്കാണ് ഒന്നാം സമ്മാനം കിട്ടിയത്.
   3. പൂ വില്പന കൂടുതൽ നടക്കുന്നത് എപ്പോഴാണ്.
   4. അമ്മ പലഹാരമുണ്ടാക്കി എവിടെയാണ് സൂക്ഷിക്കുന്നത്.
   5. എന്തു പ്രമാണിച്ചാണ് പച്ചക്കറിക്ക് വിലകൂടിയത്.
4. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ കണ്ടെത്തൂ.
   1. മല്ലിക ഉറക്കമുണർന്നാൽ വരാന്തയിൽചെന്ന് പത്രം എടുത്ത് പ്രധാനവാർത്തകൾ അവിടെ വച്ചുതന്നെ വായിക്കും. പിന്നീട് അവ നോട്ട്ബുക്കിൽ പകർത്തി എഴുതും. പകർത്തി എഴുതിയ വാർത്തകൾ അവൾ അച്ഛനെ വായിച്ചു കേൾപ്പിക്കും. ഇതാണ് മല്ലികയുടെ പതിവ്.
   2. അക്ഷരത്തെറ്റില്ലാതെ വാർത്തകൾ വായിച്ചു കേട്ടപ്പോൾ അച്ഛനു സന്തോഷമായി.
   3. ഒരു വലിയ വെളുത്ത കടലാസും പല വർണങ്ങളിലുള്ള ചായപ്പെൻസിലുകളുമാണ് അച്ഛൻ മല്ലികയ്ക്കു നൽകിയത്.

   4, 5. കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

പത്രം - വാർത്ത, കടലാസ്, അച്ചടി, പത്രക്കാരൻ

പച്ചക്കറികൾ - ചന്ത, കൃഷി, ജീവകങ്ങൾ, ആരോഗ്യം

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് പത്രം, പച്ചക്കറികൾ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

പത്രം - പത്രം അച്ചടിക്കുന്നത് പ്രസ്സിലാണ്. വാർത്തകളറിയാൻ പത്രം വായിക്കണം.

പച്ചക്കറികൾ-പച്ചക്കറികൾ ആരോഗ്യത്തിന് അത്യാവശ്യമാണ്. വീട്ടുവളപ്പിലും പച്ചക്കറികൾ കൃഷിചെയ്യാം.

മാതൃക നോക്കി ചേർത്തെഴുതാമോ ?

| | | |
|---|---|---|
| ഉറക്കമുണർന്നാൽ | അക്ഷരത്തെറ്റില്ലാതെ | വാർത്തകളാക്കി |
| വർണങ്ങളിലുള്ള | നിന്നെത്തിയ | |

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.

| | |
|---|---|
| പത്രം - വാർത്തകൾ | ചായപ്പെൻസിൽ - വർണം |
| ചന്ത - പച്ചക്കറികൾ | ഓണം - സദ്യ |
| എഴുത്ത് - നോട്ട്ബുക്ക് | |

കണ്ടെത്താം.

തേങ്ങ, ഉപ്പൻ, എള്ള്

വേണുവിന് ഒരു കളിപ്പത്രം എഴുതിയുണ്ടാക്കണം. അതിൽ എന്തെല്ലാം വേണമെന്ന് അവനറിയില്ല. താഴെയുള്ള അക്ഷരക്കള ത്തിൽ അവ ഒളിച്ചിരിപ്പുണ്ട്. അവ കണ്ടെത്തി വേണുവിനെ കളിപ്പ ത്രമെഴുതാൻ സഹായിക്കാമോ ?

വാർത്തകൾ, പരസ്യങ്ങൾ, കവിത, കഥ, ലേഖനം.

വാക്യങ്ങൾ, വാക്യങ്ങൾ.

വെളുത്ത കടലാസ് പത്രം എഴുതി സമ്മാനം നൽകി

അച്ഛന് സന്തോഷമായി വായിച്ചു രസിച്ചു.

## ഐക്യമാണ് ശക്തി

2. ചിത്രം നോക്കി വാക്യം കണ്ടെത്തി എഴുതാം.
   - ചിത്രം-1 : പ്രായം ഏറിയതിനാൽ രോഗം പിടിപെട്ട് വൃദ്ധൻ കിടപ്പിലായി.
   - ചിത്രം-2 : അവർ വടി ഓരോന്നും നിഷ്പ്രയാസം ഒടിച്ചു രണ്ട് കഷണങ്ങളാക്കി.
   - ചിത്രം-3 : സർവശക്തിയെടുത്തിട്ടും ചേർത്തുകെട്ടിയ വടി കൾ ഒടിക്കാൻ അവർക്കാർക്കും കഴിഞ്ഞില്ല.
   - ചിത്രം-4 : ചേർന്നു നിന്നാലോ? ആർക്കും നിങ്ങളെ തോൽപി ക്കാൻ കഴിയില്ല.
3. ഒന്നിലധികം പദങ്ങൾ ചേർന്ന് ഒറ്റപ്പദങ്ങളെ കണ്ടെത്തൂ.
   - ഏറിയതിനാൽ - ഏറി + അതിനാൽ
   - കിടപ്പിലായി - കിടപ്പിൽ + ആയി
   - വളരെയധികം - വളരെ + അധികം
   - അതൊടിച്ചു - അത് + ഒടിച്ചു
   - അവർക്കാർക്കും - അവർക്ക് + ആർക്കും
4. ചോദിക്കാം എഴുതാം:
   1. പരസ്പരം വഴക്കടിക്കുന്ന മക്കളുടെ സ്വഭാവം ഓർത്താണ് വൃദ്ധൻ ദുഃഖിച്ചത്.
   2. ഓരോ വടി വീതം മക്കൾക്ക് കൊടുത്തിട്ട് ഒടിക്കാൻ ആവ ശ്യപ്പെട്ടു.
   3. ചേർന്നു നിന്നാൽ ബലം കിട്ടുമെന്ന് മനസ്സിലാക്കാനാണ് വടിക്കെട്ട് മക്കൾക്ക് നൽകിയത്.
   4. ഭിന്നിച്ചു നിന്നാൽ തോൽവിയുണ്ടാകുമെന്നും ചേർന്നു നിന്നാൽ ശക്തികിട്ടുമെന്നുമാണ് വൃദ്ധൻ മക്കളെ പഠിപ്പി ച്ചത്.



   5. സ്നേഹിച്ചു ഐക്യത്തോടെ ജീവിക്കുമെന്ന് മക്കൾ അച്ഛനു വാക്കുകൊടുത്തു.
5. കഥവായിച്ച് എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. വൃദ്ധന് എത്ര മക്കളുണ്ട്?
   2. വൃദ്ധൻ കിടപ്പിലായതിനു കാരണമെന്ത്?
   3. മക്കളുടെ സ്വഭാവം എന്തായിരുന്നു?
   4. എന്തുകൊണ്ടാണ് പിതാവ് മക്കളെ അരികിൽ വിളിച്ചു വരു ത്തിയത്?
   5. എന്തുകൊണ്ടാണ് മക്കൾ വിഷമിച്ചു നിന്നത്?
6. ഓരോ ചിത്രത്തിനും താഴെയുള്ള അക്ഷരം ചേർത്ത് ചിത്രത്തിൽ ആരെന്ന് എന്തെന്ന് എഴുതാമോ?

   തടി, മിഠായി, ഡോക്ടർ, ഢക്ക, പണം
7. ചങ്ങാതിയെ കണ്ടെത്തി പദം പൂർണ്ണമാക്കൂ.

   ഉത്സവം

   പരസ്പരം

   വൃദ്ധൻ

   അഭിനന്ദനം

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

രോഗം - ഡോക്ടർ, മരുന്ന്, ചികിത്സ, ആശുപത്രി

സ്നേഹം - വിനയം, സൗഹൃദം, സന്തോഷം, ഒരുമ.

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് രോഗം, സ്നേഹം എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

രോഗം - രോഗം വന്നാൽ ചികിത്സ വേണം, മരുന്ന് കഴിച്ച് രോഗം ഭേദമാക്കാം.

സ്നേഹം - വിനയമുള്ളിടത്തേ സ്നേഹമുണ്ടാകൂ. പരസ്പരം സ്നേഹിച്ചാൽ സന്തോഷമുണ്ടാകും.

മാതൃക നോക്കി ചേർത്തെഴുതാമോ ?

വഴക്കടിക്കുന്ന കഷണങ്ങളാക്കി വളരെയധികം

കിടപ്പിലായി അതൊടിച്ചു അവർക്കാർക്കും.

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.

ഐക്യം - ബലം രോഗം - വൃദ്ധൻ

ശത്രുക്കൾ - മിത്രങ്ങൾ വിജയം - അഭിനന്ദനം

ഒരു വീട്ടിലുള്ളവർ ഈ അക്ഷരക്കളത്തിൽ ഒളിച്ചിരിപ്പുണ്ട്. അവരെ കണ്ടെത്തി എഴുതാമോ ?

അച്ഛൻ, അമ്മ, മുത്തശ്ശി, മുത്തച്ഛൻ, സഹോദരൻ, സഹോദരി.

അക്ഷരക്കളത്തിൽ നിന്ന് കണ്ടെത്തിയവർ നിങ്ങളുടെ വീട്ടിൽ ഉണ്ടല്ലോ? അവരുടെയെല്ലാം പേരെഴുതൂ.

കുട്ടികൾ സ്വന്തമായി ചെയ്യേണ്ടതാണ്.

കണ്ടെത്താം.

കാറ്റ്, അണ്ണാൻ, നാവ്.

താഴെ കൊടുത്തിരിക്കുന്ന സംഭവം വായിച്ചു മനസ്സിലാക്കിയതിനു ശേഷം ചോദ്യങ്ങൾ നിർമിച്ചെഴുതൂ.

1. എവിടെയാണ് നിഴൽ കണ്ടത് ?
2. ആരാണ് അമ്പിളിയമ്മാവനെ കണ്ടത് ?
3. ഡേവിഡ് മലർന്നടിച്ചു വീഴാൻ കാരണമെന്ത് ?

## അമ്മ

2. ചിത്രവുമായി ബന്ധമുള്ള വരികൾ കണ്ടെത്തി എഴുതൂ.

ചിത്രം-1 : താരാട്ട് പാടുന്നതാര്?
കുഞ്ഞിനെ താലോലിച്ചാട്ടുന്നതാര്?

ചിത്രം-2 : ചുംബിച്ചുണർത്തുന്നതാര്?
കുഞ്ഞിനെ താങ്ങി നടത്തുന്നതാര്?

ചിത്രം-3 : ഉടുപ്പണിയിക്കുന്നതാര്?
കുഞ്ഞിനെ പൊട്ടണിയിക്കുന്നതാര്?

ചിത്രം-4 : സ്നേഹിച്ചു പിണങ്ങുന്നതാര്?
കുഞ്ഞിനെ തിങ്കളെ കാട്ടുന്നതാര്?

3. കവിതയിൽ നിന്നും ഉത്തരം കണ്ടെത്തി എഴുതൂ.

1. അമ്മ കുഞ്ഞിനെ താരാട്ടു പാടി താലോലിച്ചാട്ടുന്നു. ചുംബിച്ചുണർത്തി കുഞ്ഞിനെ താങ്ങി നടത്തുന്നു. ഉടുപ്പണിയിക്കുകയും പൊട്ടണിയിക്കുകയും ചെയ്യുന്നു. നിലാവിനെ കാണിച്ചു കൊടുക്കുന്നു.

4, 5. കുട്ടികൾ സ്വയം കണ്ടെത്തണം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

അമ്മ - മക്കൾ, കുഞ്ഞ്, സ്നേഹം, വീട്

തിങ്കൾ - വൃത്തം, ആകാശം, പ്രകാശം, രാത്രി

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് അമ്മയെപ്പറ്റിയും തിങ്കളെപ്പറ്റിയും രണ്ട് വാക്യങ്ങൾ വീതം എഴുതാമോ?

അമ്മ - അമ്മ കുഞ്ഞിനെ സ്നേഹിക്കുന്നു. അമ്മ വീട്ടിലെ എല്ലാവർക്കും ഭക്ഷണം പാകം ചെയ്യുന്നു.

തിങ്കൾ - ആകാശത്ത് തിങ്കളെ കാണാം. രാത്രിയിലാണ് തിങ്കളെ



കാണാൻ കഴിയുന്നത്.

മാതൃക നോക്കി ചേർത്തെഴുതാമോ ?

| | |
|---|---|
| വാരിപ്പുണരുക | ചുംബിച്ചുണർത്തുക |
| താലോലിച്ചാട്ടുക | നടത്തുന്നതാര് |

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാം.

| | |
|---|---|
| താങ്ങി - നടത്തുക | പൊട്ട് - അണിയിക്കുക |
| താരാട്ട് - പാടുക | വാരി - പുണരുക |
| മാതാവ് - ദൈവം | |

വാക്യങ്ങൾ, വാക്യങ്ങൾ.

| | |
|---|---|
| കുഞ്ഞ് കരഞ്ഞു. | അമ്മ വന്നു. |
| ഉടുപ്പ് വാങ്ങി. | |
| അച്ഛൻ പണിയെടുത്തു. | ആകാശത്ത് നിലാവുദിച്ചു. |

കവിത വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതാം.

1. ചേനയാണ് വാങ്ങേണ്ടത്
2. ചേനക്കറി കൂട്ടിയാണ് ചോറു കുഴക്കേണ്ടത്.
3. എല്ലാരുമൊന്നിച്ചാണ് ഉണ്ടുരസിക്കേണ്ടത്.

## സുഗന്ധമുള്ള ചളി

2.
1. വയലിൽ നിന്നാണ് സുഗന്ധം പരന്നത്.
2. വയൽവരമ്പിൽ പാഴ്ചെടികളാണ് വളർന്നു നിന്നത്.
3. സുഗന്ധമുണ്ടായത് എങ്ങനെയെന്നാണ് കർഷകൻ കളിമണ്ണിനോട് ചോദിച്ചത്.
4. നല്ല ആളുകളുമായി സഹവസിക്കുന്നവർക്ക് അവരുടെ നല്ല ഗുണങ്ങൾ പകർന്നു കിട്ടുമെന്ന് കൃഷിക്കാരൻ മനസ്സിലാക്കി.

3. കഥ വായിച്ച് എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. എന്തിന്റെ മണമാണ് അയാളുടെ മൂക്കിൽ എത്തിയത്?
2. കർഷകൻ എന്താണ് കണ്ടത്?
3. കർഷകൻ എവിടെയാണ് താമസിച്ചിരുന്നത്?
4. കർഷകന് എന്താണ് മനസ്സിലായത്?
5. വയലിൽ എന്താണ് നിറഞ്ഞു കിടക്കുന്നത്?

4. ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ ഒറ്റപ്പദങ്ങൾ കണ്ടെത്താം.

നടക്കുകയായിരുന്നു - നടക്കുക + ആയിരുന്നു

മൂക്കിലെത്തി - മൂക്കിൽ + എത്തി

കൂടിക്കിടക്കുന്നത് - കൂടി + കിടക്കുന്നത്

മനസ്സിലായി - മനസ്സിൽ + ആയി

അവിടെയെങ്ങും - അവിടെ + എങ്ങും

5. അനുയോജ്യമായ പദങ്ങൾ കണ്ടെത്തി വാക്യം നിർമിക്കൂ.

രവി രാവിലെ ഉണർന്നു.

ഗീത പാട്ടു പാടി.

ഇന്ദിര സ്കൂളിൽ പോയി.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

ഗ്രാമം - പഞ്ചായത്ത്, കൃഷി, സ്കൂൾ, വയൽ

കർഷകൻ - വിത്ത്, കൃഷി, മഴ, വയൽ

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് രണ്ട് വാക്യങ്ങൾ വീതം എഴുതാമോ?

ഗ്രാമം - ഗ്രാമത്തിൽ വയലുണ്ട്. ഗ്രാമീണരിലധികവും വയലിൽ പണിയെടുക്കുന്നു.

കർഷകൻ -മഴ കിട്ടാതായാൽ കർഷകൻ വിഷമിക്കും. കർഷകന്റെ സമ്പാദ്യം കൃഷിയിൽനിന്നാണ്.

ഒറ്റപ്പദമാക്കാമോ ?

മൂക്കിലെത്തി അവിടെയെങ്ങും മനസ്സിലായി

നടക്കുകയായിരുന്നു സുഗന്ധമുണ്ടായത്.

അനുയോജ്യമായവ തമ്മിൽ വരച്ചുചേർക്കാം.

വയൽ - കർഷകൻ പനിനീർപൂവ് - സുഗന്ധം

വയൽ വരമ്പ് - പാഴ്ച്ചെടികൾ

വിനയം - നല്ല - ശീലം പൂക്കൾ - കൊഴിയും

വാക്യങ്ങൾ, വാക്യങ്ങൾ.

നാവുകൊണ്ട് രുചിക്കുന്നു.

മൂക്കുകൊണ്ട് മണക്കുന്നു.

ചെവികൊണ്ട് കേൾക്കുന്നു.

കണ്ണുകൊണ്ട് കാണുന്നു.

കണ്ടെത്താം.

മത്സ്യം പപ്പടം തലമുടി

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾ നിർമിക്കാം.

1. എവിടെയാണ് പന്ത് ചെന്നുവീണത് ?
2. കുട്ടികൾ വിഷമിച്ചു നിൽക്കാൻ കാരണമെന്ത് ?
3. എങ്ങനെയാണ് ബാലൻ പന്തെടുത്തത് ?

ട, ഠ, ഡ, ഢ എന്നീ അക്ഷരങ്ങൾ ഉപയോഗിച്ച് രണ്ട് പദങ്ങൾ വീതം



എഴുതാം.

ട - പടക്കം, മടക്കം ഠ-പാഠം, പഠനം

ഡ- ഡാലിയ, ഡാൻസ്

ഢ-ഢക്ക, മൂഢൻ

## റഹീമിന്റെ ഒരു ദിവസം

1. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ കണ്ടെത്തൂ.
   1. സ്വന്തമായി കുട്ടികൾ എഴുതേണ്ടതാണ്.
   2. 6 മണിക്കാണ് റഹിം എഴുന്നേൽക്കുന്നത്.
   3. റഹിം ഉറക്കമുണർന്നിട്ട് ആദ്യം പല്ലു തേക്കുന്നു.
   4. 7 മണിക്കാണ് റഹിം വീട്ടിലിരുന്ന് പഠിച്ചത്.
   5. 10 മണി മുതൽ 4 മണിവരെയാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

2. രാവിലെ 6 മണിക്ക് രമ ഉറക്കമുണർന്നു.

അവൾ 9 മണിക്ക് സ്കൂളിലെത്തി.

ഉച്ചയ്ക്ക് ഒരു മണിക്ക് കൂട്ടുകാരോടൊത്ത് ഊണു കഴിച്ചു.

രമ വൈകുന്നേരം സ്കൂളിൽ നിന്നു വീട്ടിൽ വന്നു.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

പ്രഭാതം - സൂര്യൻ, തണുപ്പ്, മഞ്ഞ്, ഭക്ഷണം.

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് പ്രഭാതത്തെപ്പറ്റി കഴിയാവുന്നത്ര വാക്യങ്ങൾ നിർമിക്കൂ

സൂര്യവെളിച്ചം പരക്കുമ്പോഴാണ് പ്രഭാതമുണ്ടാകുന്നത്. മഞ്ഞും തണുപ്പും പ്രഭാതത്തിന്റെ പ്രത്യേകതയാണ്. കുടുംബത്തിലെ എല്ലാവർക്കും വേണ്ടി ഓരോ പ്രഭാതത്തിലും വീട്ടമ്മമാർ ഭക്ഷണം ഒരുക്കുന്നു.

ദാമുവിന്റെ ഒരു ദിവസത്തെ ഡയറിക്കുറിപ്പ് വായിക്കൂ. ചോദ്യങ്ങൾ നിർമിക്കൂ.

1. എപ്പോഴാണ് ദാമു ഉറക്കമുണരുന്നത് ?
2. പല്ലുതേച്ച് മുഖം കഴുകിയിട്ട് ദാമു എന്താണ് ചെയ്യുന്നത് ?
3. ദാമുവിന്റെ അച്ഛന്റെ തൊഴിലെന്ത് ?
4. ആരോടൊപ്പമാണ് ദാമു സ്കൂളിൽ പോകുന്നത് ?

നിങ്ങളുടെ ദിനചര്യകളുടെ ഒരു ചാർട്ട് തയ്യാറാക്കുക.

കുട്ടികൾ സ്വന്തമായി ചെയ്യേണ്ടതാണ്.

കണ്ടെത്താം.

മേഘം വവ്വാൽ കൃഷ്ണമണി

## കോഴിക്കുഞ്ഞ്

1 ചോദ്യം വായിച്ച് ഉത്തരം കണ്ടെത്തൂ.

1. കുമ്പളം നട്ടപ്പോൾ വെള്ളരിയാണ് മുളച്ചത്.
2. കൂവളക്കയാണ് വെള്ളരിയിൽ കായ്ച്ചത്.
3. കൂവളയ്ക്കയാണ് കൊത്തച്ചക്കയായി മാറിയത്.
4. ചാമക്കഞ്ഞി കുടിച്ചപ്പോഴാണ് ആമോദം പൂണ്ടത്.
5. കൊത്തച്ചക്ക തിന്നാനിരുന്നപ്പോൾ ചാമക്കഞ്ഞിയാണ് കൊണ്ടുവന്നത്.

2. ഓരോ ചിത്രത്തിനും താഴെയുള്ള അക്ഷരം ചേർത്ത് ചിത്രത്തിൽ ആരെന്ന് / എന്തെന്ന് എഴുതാമോ?
തുമ്പി, ജാഥ, ദന്തം, ധാന്യം, നായ

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

കോഴി - മാംസം, മുട്ട, കുഞ്ഞ്, കൂട്

വെള്ളരി - ജീവകം, വയൽ, കൃഷി, ഇഴവള്ളി

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് കോഴിയെപ്പറ്റിയും, വെള്ളരിയെപ്പറ്റിയും രണ്ട് വാക്യങ്ങൾ വീതം എഴുതാം.

കോഴി - കോഴി നമുക്ക് മുട്ടയും മാംസവും തരുന്നു. കോഴി അടയിരിക്കുമ്പോഴാണ് മുട്ടവിരിഞ്ഞ് കുഞ്ഞുണ്ടാകുന്നത്.

വെള്ളരി - വയലിലാണ് വെള്ളരി കൃഷി ചെയ്യുന്നത്. ജീവകസമൃദ്ധമായ ഒരു പച്ചക്കറി ഇനമാണ് വെള്ളരി.

അനുയോജ്യമായവ തമ്മിൽ വരച്ചുചേർക്കാം.

| | | |
|---|---|---|
| കുമ്പളം - വള്ളി | കോഴി - മുട്ട | കൊട്ട - പനമ്പ് |
| കട്ടുറുമ്പ് - കറുത്തനിറം | ചക്ക - പ്ലാവ് | |

ചേർത്തെഴുതാമോ ?

| | | |
|---|---|---|
| കൊട്ടയിലിട്ടപ്പോൾ | കൊത്തച്ചക്ക | കോഴിക്കുഞ്ഞ് |
| പോയിരുന്നപ്പോൾ | തടഞ്ഞതു | |

താഴെ കൊടുത്തിരിക്കുന്ന നാടൻപാട്ട് വായിക്കൂ. ചോദ്യങ്ങൾ നിർമിക്കൂ.

1. എവിടെയാണ് നട്ടത് ?
2. എന്താണ് മുളച്ചത് ?
3. കൊട്ടയിലിട്ടപ്പോൾ എന്താണ് കണ്ടത് ?

മുകളിൽ കൊടുത്തിട്ടുള്ള നാടൻപാട്ട് പോലെ മറ്റൊന്ന് എഴുതാമോ?

പാലായിൽ നട്ടിട്ടു പന്തളത്തു വേരോടെ
അവിടെ മുളച്ചൊരു പടവലത്തൈ



പറിച്ചപ്പോൾ പീച്ചിങ്ങ നട്ടപ്പോൾ അച്ചിങ്ങ
കൊട്ടയിലട്ടപ്പോൾ വഴുതനങ്ങ.

## ചതിയനായ ചങ്ങാതി

2. ചിത്രം നോക്കി വായിച്ച് കണ്ടെത്തി എഴുതൂ.

ചിത്രം-1 : അതിനിടയിൽ ഒരു സിംഹം ഒളിച്ചിരിക്കുന്നത് കുറുക്കന്റെ ദൃഷ്ടിയിൽ പെട്ടു.

ചിത്രം-2 : "അതിനാൽ എന്നെ ജീവനോടെ വിട്ടയക്കുമെന്ന് വാക്കു തന്നാലും".

ചിത്രം-3 : അല്പസമയത്തിനുള്ളിൽ സിംഹത്തേയും കൂട്ടി കുറുക്കൻ കഴുതയുടെ അടുത്തെത്തി.

ചിത്രം-4 : രക്ഷപ്പെട്ടെന്നു കരുതിയ കുറുക്കന്റെ മേൽ ചാടിവീണു. അതിനെ കൊന്നു തിന്നു.

3. ഒന്നിലധികം വാക്കുകൾ ചേർന്നുണ്ടായ ഒറ്റപ്പദം കണ്ടെത്തി എഴുതൂ.

അതിനിടയിൽ - അതിന് + ഇടയിൽ
ചതിയനായ - ചതിയൻ + ആയ
വിശപ്പടക്കാൻ - വിശപ്പ് + അടക്കാൻ
ചങ്ങാതിയായ - ചങ്ങാതി + ആയ
ഒളിച്ചിരിക്കുന്നത് - ഒളിച്ച് + ഇരിക്കുന്നത്

4.
1. കുറുക്കനും കഴുതയുമായിരുന്നു ചങ്ങാതിമാർ.
2. സിംഹമാണ് ഒളിച്ചിരുന്നത്.
3. "അങ്ങയുടെ വിശപ്പടക്കാൻ വിശിഷ്ടമായ ഭക്ഷണം ഒരുക്കി വെച്ചിട്ടാണ് ഞാൻ വരുന്നത്. അതിനാൽ എന്നെ ജീവനോടെ വിട്ടയക്കുമെന്നു വാക്കു തന്നാലും." ഇതാണ് കുറുക്കൻ സിംഹത്തോട് പറഞ്ഞത്.
4. സിംഹം തന്നെ കൊന്നു തിന്നുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് കുറുക്കൻ കഴുതയെ കെണിയിൽപെടുത്തിയത്.
5. സിംഹം കുറുക്കനെ കൊന്നു തിന്നു.
6. ചതിയനായ ചങ്ങാതിക്ക് ആപത്തായിരിക്കും പ്രതിഫലമെന്നാണ് ഈ കഥയുടെ ഗുണപാഠം.

5. ഈ കഥയിൽ നിന്ന് നിങ്ങൾക്ക് എത്ര ചോദ്യങ്ങൾ നിർമിക്കാം.
1. എവിടെയാണ് സിംഹം ഒളിച്ചിരുന്നത് ?
2. സിംഹത്തെ കണ്ടപ്പോൾ കുറുക്കൻ എന്താണ് മനസ്സിലാക്കിയത് ?
3. കുറുക്കൻ ഒരുക്കി വച്ച വിശിഷ്ട ഭക്ഷണം എന്തായിരുന്നു?

4. സിംഹത്തിന്റെ അടുത്തേക്ക് ആരെയാണ് കൊണ്ടുവന്നത്?
5. കെണിയിൽപെട്ടു കിടക്കുന്ന കഴുതയെ കണ്ടപ്പോൾ സിംഹം എന്താണ് കരുതിയത് ?

6. ഓരോ ചിത്രത്തിനും താഴെയുള്ള അക്ഷരം ചേർത്ത് ചിത്രത്തിൽ ആരെന്ന് / എന്തെന്ന് എഴുതാമോ ?

പത്ത്, ഫണം, ബലൂൺ, ഭാരതം, മരം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

കാട് - പാമ്പ്, മരങ്ങൾ, മൃഗങ്ങൾ, പക്ഷികൾ

വന്യമൃഗങ്ങൾ - കുറുക്കൻ, പുലി, സിംഹം, കാട്

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ യോജിപ്പിച്ച് കാടിനെപ്പറ്റിയും, വന്യമൃഗങ്ങളെപ്പറ്റിയും രണ്ട് വാക്യങ്ങൾ വീതം എഴുതാമോ?

കാട് - കാട്ടിൽ പലതരം മരങ്ങളുണ്ട്. പക്ഷികളുടെയും മൃഗങ്ങളുടെയും വാസസ്ഥലമാണ് കാട്.

വന്യമൃഗങ്ങൾ - കാട്ടിലെ മൃഗങ്ങളാണ് വന്യമൃഗങ്ങൾ. വന്യമൃഗങ്ങളുടെ രാജാവ് സിംഹമാണ്.

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാമോ ?

ഭക്ഷണം - വിശപ്പ്    വനം - മരങ്ങൾ    സമയം - ക്ലോക്ക്

ചങ്ങാതി - സ്നേഹിതൻ    ആപത്ത് - അപകടം

ചേർത്തെഴുതാമോ ?

വിശപ്പടക്കാൻ    ചങ്ങാതിയായ    കൊല്ലുമെന്നു

ഒളിച്ചിരിക്കുന്നത്    വിശിഷ്ടമായ

വാക്യങ്ങൾ, വാക്യങ്ങൾ.

കോപം മൂലം കണ്ണുമിഴിച്ചു

പനിമൂലം കിടപ്പിലായി

മഴമൂലം കളി മുടങ്ങി.

വിശപ്പ് മൂലം കുഞ്ഞ് കരഞ്ഞു.

അസൂയമൂലം ഉറങ്ങാൻ കഴിഞ്ഞില്ല.

വാക്യങ്ങൾ ക്രമത്തിലാക്കി എഴുതാം.

മഴയത്ത് കുട വേണം.    ദുര മൂത്താൽ കരയും.

സൂര്യൻ പ്രകാശം നൽകുന്നു.

താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് ചോദ്യങ്ങൾ നിർമിച്ചെഴുതാം.

1. പുര ചോർന്നൊലിക്കാൻ കാരണമെന്ത് ?
2. എപ്പോഴാണ് ആടിനെ വിറ്റത് ?
3. കച്ചവടക്കാരന്റെ മനസ്സലിയാൻ കാരണമെന്ത് ?



കണ്ടെത്താം

പങ്ക    അടുപ്പ്    വടി

## കത്ത്

2.
1. പോസ്റ്റുമാൻ ആണ് കത്ത് കൊണ്ടുവന്നത്.
2. ഗൾഫിലുള്ള നയനയുടെ അച്ഛനാണ് എഴുത്തയച്ചത്.
3. വാഹനം ഓടിക്കുന്നയാളെ ഡ്രൈവർ എന്നാണ് വിളിക്കുന്നത്.
4. പെട്രോൾ, ഡീസൽ, ഗ്യാസ്, വൈദ്യുതി എന്നിവയാണ് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനം.
5. ചക്രത്തിന്റെ കണ്ടുപിടുത്തമാണ് ജീവിതം എളുപ്പമാക്കിയത്.

3. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
1. പോസ്റ്റ്മാൻ ഏതു വാഹനത്തിലാണ് വന്നത്?
2. അച്ഛന്റെ എഴുത്താണതെന്ന് നയന മനസ്സിലാക്കിയത് എങ്ങനെ?
3. ആരാണ് കത്തു വായിച്ചത്?
4. നാട്ടിൽ വന്നപ്പോൾ അച്ഛൻ നയനയ്ക്ക് എന്താണ് വാങ്ങിക്കൊടുത്തത്?
5. വാഹനങ്ങൾ ഓടിക്കുന്നവർ ഗതാഗത നിയമങ്ങൾ അറിഞ്ഞിരിക്കണം. കാരണം എന്ത്?

4. ചിത്രം നോക്കി വാഹനങ്ങളുടെ പേരെഴുതാം.

ഓട്ടോറിക്ഷ, വള്ളം, വിമാനം

സൈക്കിൾ, ബസ്സ്, തീവണ്ടി

ലോറി, ബോട്ട്, ഹെലികോപ്ടർ

റോക്കറ്റ്, കപ്പൽ, കാർ

5. കരയിൽ സഞ്ചരിക്കുന്നവ - ഓട്ടോറിക്ഷ, സൈക്കിൾ, ബസ്, തീവണ്ടി, ലോറി, കാർ

വെള്ളത്തിൽ സഞ്ചരിക്കുന്നവ - വള്ളം, ബോട്ട്, കപ്പൽ

പറക്കുന്നവ - വിമാനം, ഹെലികോപ്ടർ, റോക്കറ്റ്

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

കത്ത് - പോസ്റ്റ് ഓഫീസ്, മേൽവിലാസം, അക്ഷരങ്ങൾ, പോസ്റ്റ്മാൻ

ഡ്രൈവർ - ശ്രദ്ധ, വാഹനം, റോഡ്, വേഗത

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് കത്ത്,

ഡ്രൈവർ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ നിർമിച്ചെഴുതാം.

കത്ത് - കത്തു കൊണ്ടുവരുന്നത് പോസ്റ്റ്മാനാണ്. കത്തുകിട്ടണമെങ്കിൽ മേൽവിലാസം എഴുതണം.

ഡ്രൈവർ - ഡ്രൈവർ ഗതാഗത നിയമം അറിഞ്ഞിരിക്കണം. ഡ്രൈവർ ശ്രദ്ധയോടെ വാഹനം ഓടിക്കണം.

ചേർത്തെഴുതാമോ ?

കത്തെടുത്തു. അരികിലെത്തി വലിപ്പമനുസരിച്ച്

ചക്രങ്ങളുണ്ട് ഓടണമെങ്കിൽ

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കൂ.

അക്ഷരങ്ങൾ - എഴുത്ത് വാഹനങ്ങൾ-ചക്രങ്ങൾ

ഇന്ധനങ്ങൾ - ഡീസൽ, പെട്രോൾ

അപകടങ്ങൾ - അശ്രദ്ധ സൈക്കിൾ - മണിയടി

കളങ്ങളിലെ പദങ്ങൾ കൊണ്ട് വാക്യങ്ങൾ നിർമിച്ചെഴുതാം.

മലകളിൽനിന്നാണ് പുഴകൾ ഉത്ഭവിക്കുന്നത്.

ആഹാരത്തിൽനിന്നാണ് ആരോഗ്യം കിട്ടുന്നത്.

പഠനത്തിൽനിന്നാണ് ഉയർച്ച ഉണ്ടാകുന്നത്.

വീട്ടിൽനിന്നാണ് നല്ലശീലങ്ങൾ പഠിക്കേണ്ടത്.

അശ്രദ്ധയിൽനിന്നാണ് അപകടം ഉണ്ടാകുന്നത്.

താഴെ കൊടുത്തിരിക്കുന്ന കഥ പൂർണമാക്കൂ. ഇനി ചോദ്യങ്ങൾ നിർമിക്കാം.

അയാൾ വിഷമിച്ച് ഒരു മരച്ചോട്ടിൽ ഇരിപ്പായി. വെള്ളം ഒന്നനങ്ങി. അതാ ഒരു ദേവത. കയ്യിൽ ഒരു കോടാലിയുമുണ്ട്.

1. മരംവെട്ടുകാരന്റെ പേരെന്ത് ?
2. കോടാലി പോയപ്പോൾ മാതേവൻ എന്താണ് ചെയ്തത് ?
3. മാതേവൻ നിരാശനാകാൻ കാരണമെന്ത് ?

മാതൃക നോക്കി പദങ്ങൾ നിർമിക്കാം.

സന്തോഷത്തോടെ സങ്കടത്തോടെ

വിഷമത്തോടെ അത്ഭുതത്തോടെ

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽനിന്ന് അനുയോജ്യമായവ കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.

1. വിളിച്ചു 2. തറച്ചിരുന്നു 3. എഴുന്നേറ്റ്

4. വീതിച്ചത് 5. മൂവരും.



2. ചിത്രം നോക്കി കവിതയിൽ നിന്ന് യോജിച്ച വരികൾ കണ്ടെത്തി എഴുതുക.

ചിത്രം-1 : നനഞ്ഞ മണ്ണിൽ മരം മുളച്ചു.

ചിത്രം-2 : മരം വളർന്നു തണൽ പരന്നു.

ചിത്രം-3 : മരം തന്നെ വരമെന്ന്
അവരറിഞ്ഞു തൈ നട്ടു.

3. കവിത വായിച്ച് ഉത്തരം കണ്ടെത്തി എഴുതാം.
   1. നനഞ്ഞ മണ്ണിൽ മരമാണ് മുളച്ചത്.
   2. കനി തിന്നാൻ കിളിയാണ് വന്നത്.
   3. ഉണ്ണികളാണ് തൈ നട്ടത്.
   4. മരം നമുക്ക് പൂക്കളും കായും തടിയും വിറകും തണലും തരുന്നു.
4. കുട്ടികൾ സ്വയം കണ്ടെത്തേണ്ടതാണ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

മരം - കാട്, പഴം, ഇല, തണൽ

മണ്ണ് - ചെടി, കൃഷി, മണ്ണിര, വളം

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് മരം, മണ്ണ് എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം നിർമിച്ചെഴുതാം.

മരം പഴം തരുന്നു. മരം തണൽ തരുന്നു.

മണ്ണ് - മണ്ണിലാണ് മണ്ണിര വളരുന്നത്.

മണ്ണിലാണ് വളം ചേർക്കുന്നത്.

ഒറ്റപ്പദങ്ങൾ വികസിപ്പിച്ചെഴുതാമോ ?

കുളിർ + ആയി വന്ന് + എത്തി

അവർ + അറിഞ്ഞു മരം + തണലിൽ

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കൂ.

മരം - തണൽ പുഴ - മത്സ്യങ്ങൾ

കനി - കിളികൾ ഉണ്ണികൾ - കളികൾ

കാറ്റ് - കുളിര്

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾ നിർമിക്കാം.

1. തുമ്പപ്പൂവിന്റെ നിറമെന്ത് ?
2. ആകാശത്ത് എന്താണ് വിരിയുന്നത് ?
3. കാണാൻ രസമുള്ളതെന്ത് ?

കവിത പൂർണമാക്കാം.

ജമന്തിപ്പൂവിനു മഞ്ഞനിറം

മുല്ലപ്പൂവിനു വെള്ളനിറം

മന്ദാരത്തിനു വെള്ളനിറം

റോസപ്പൂവിനു ചുവപ്പുനിറം

താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ കൊണ്ട് ചേർന്നുവരുന്ന എത്ര പദങ്ങൾ എഴുതാം.

ഴ - മഴ, വാഴ, വ്യാഴം ണ- അരണ, മണം, പണം

ള - വള, തവള, വളം ട്ട - അട്ട, പട്ടാളം, തട്ട്

## റീനയും ലീനയും

2. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ കണ്ടെത്തൂ.
   1. വിരശല്യം, കോളറ, സന്നിപാതജ്വരം, മഞ്ഞപ്പിത്തം, വയറുകടി തുടങ്ങിയ രോഗങ്ങളാണ് അഴുക്ക് അകത്തുചെന്നാൽ ഉണ്ടാകുന്നത്.
   2. ആരോഗ്യമാണ് സമ്പത്തെന്ന് ടീച്ചർ എപ്പോഴും പറയാറുണ്ട്.
   3. സന്നിപാതജ്വരം, കോളറ, മഞ്ഞപ്പിത്തം, വയറുകടി എന്നീ രോഗങ്ങൾ വെള്ളത്തിലൂടെയാണ് പകരുന്നത്.
   4. ആഹാരത്തിനു മുമ്പും അതിനുശേഷവും സോപ്പിട്ട് കൈകൾ കഴുകുന്നതു ശീലമാക്കണം. ഭക്ഷണം കഴിഞ്ഞ് വായ നന്നായി കഴുകണം. ഒരു ദിവസം എട്ട് ഗ്ലാസ്സ് തിളപ്പിച്ചാറ്റിയ വെള്ളമെങ്കിലും കുടിക്കണം. ആഹാരം നന്നായി ചവച്ചരച്ച് കഴിക്കണം. ഇത്രയും ശ്രദ്ധിച്ചാൽ കുറെയേറെ രോഗങ്ങളെ നമുക്ക് അകറ്റി നിർത്താം.
   5. കൈകൾ വൃത്തിയായി തേച്ചുകഴുകുകയും നഖങ്ങൾക്കിടയിലുള്ള അഴുക്ക് കളയുകയും നഖം വെട്ടി വൃത്തിയായി സൂക്ഷിക്കുകയും വേണം.
3. ഒന്നിലധികം പദങ്ങൾ ചേർന്ന ഒറ്റപ്പദങ്ങൾ കണ്ടെത്താം.

   സൂക്ഷിക്കണം + എന്ന് = സൂക്ഷിക്കണമെന്ന്

   അഴുക്ക് + ഉണ്ട് = അഴുക്കുണ്ട്

   തിളപ്പിച്ച് + ആറ്റി = തിളപ്പിച്ചാറ്റി

   ചവച്ച് + അരച്ച് = ചവച്ചരച്ച്
4. പാഠഭാഗത്തുനിന്ന് എത്ര ചോദ്യങ്ങൾ സ്വന്തമായി നിർമിക്കാം.
   1. ആരെല്ലാമാണ് ഈ പാഠത്തിൽ സംസാരിക്കുന്നത്?
   2. നഖം വെട്ടി സൂക്ഷിക്കണമെന്ന് പറയാൻ കാരണമെന്ത്?
   3. റീനയേയും ലീനയേയും അമ്മ വിളിച്ചത് എന്തിന്?
   4. അമ്മയ്ക്ക് സന്തോഷമായത് എപ്പോൾ?
   5. റീനയും ലീനയും എന്താണ് കളിച്ചത്?



## ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

സോപ്പ് - നിറം, പത, മണം, അഴുക്ക്

വെള്ളം - കുളം, പുഴ, മഴ, കിണർ

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് സോപ്പ്, വെള്ളം എന്നിവയെപ്പറ്റി എത്ര വാക്യങ്ങൾ എഴുതാം?

സോപ്പ് - അഴുക്ക് കഴുകിക്കളയാൻ സോപ്പു വേണം. പല നിറത്തിലും മണത്തിലുമുള്ള സോപ്പുണ്ട്.

വെള്ളം - മഴയിൽ നിന്നു കിട്ടുന്ന വെള്ളം ശുദ്ധമാണ്. പുഴയിലെ വെള്ളം കൃഷിക്ക് ഉപയോഗിക്കുന്നു.

ഒറ്റപ്പദങ്ങളുടെ വികസിത രൂപം എഴുതാമോ ?

ആവശ്യം + ഇല്ല അഴുക്ക് + ഉണ്ട്

സൂക്ഷിക്കണം + എന്ന്

തിളപ്പിച്ച് + ആറ്റി ചവച്ച് + അരച്ച്

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാം.

അഴുക്ക് - രോഗങ്ങൾ നഖം - കൈവിരൽ

വെള്ളം - തിളപ്പിച്ചാറ്റണം

അനുസരണം - നല്ലശീലം

ആഹാരം - ചവച്ചരക്കണം

താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ അനുയോജ്യമായി ചേർത്തെഴുതാം.

മുഖം കഴുകി നഖം വെട്ടി

മലിനജലം മരണജലം

സ്കൂളിൽ പോയി ഉറക്കം ഉണർന്നു.

കളങ്ങളിലെ പദങ്ങൾകൊണ്ട് വാക്യങ്ങൾ നിർമിച്ചെഴുതാം.

ആരോഗ്യം ഇല്ലെങ്കിൽ ഒന്നുമില്ല.

സൂര്യൻ ഇല്ലെങ്കിൽ ജീവനില്ല.

അറിവ് ഇല്ലെങ്കിൽ ഉയർച്ചയില്ല.

മഴ ഇല്ലെങ്കിൽ കൃഷിയില്ല.

വൃത്തി ഇല്ലെങ്കിൽ ആരോഗ്യമില്ല.

താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് ചോദ്യങ്ങൾ നിർമിച്ചെഴുതാം.

1. ആരാണ് മുറ്റത്ത് ഉലാത്തിയത് ?
2. തെന്നാലി രാമൻ വാഴകളുടെ മറവിൽ കണ്ടതെന്ത് ?
3. തെന്നാലി രാമൻ ഭാര്യയോട് പറഞ്ഞതെന്ത് ?
4. കള്ളൻമാർ വെള്ളം കോരി വറ്റിച്ചതെന്തിന് ?
5. പെട്ടിയിലാക്കിയതെന്ത് ?

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽനിന്ന് അനുയോജ്യമായവ

കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.

തേനീച്ച നാടുതോറും പറക്കുന്നു. പൂവ് തോറും ഇരിക്കുന്നു. തേൻ എടുത്ത് സഞ്ചി നിറയ്ക്കുന്നു. അതുംകൊണ്ട് മരത്തിന്റെ പോട്ടിലെത്തുന്നു.

കണ്ടെത്താം.

മൂക്ക് ചെരുപ്പ് മൺചട്ടി

## ഒട്ടകത്തിന്റെ അസൂയ

2. ചിത്രം നോക്കി വായിച്ച് കണ്ടെത്തി എഴുതൂ.

ചിത്രം-1 : വനത്തിലെ മൃഗങ്ങളും പക്ഷികളും പേരാൽ മരച്ചോട്ടിൽ ഒരുമിച്ചു കൂടി.

ചിത്രം-2 : മനോഹരമായി നൃത്തം ചെയ്ത കുരങ്ങനെ എല്ലാവരും പ്രശംസിച്ചു.

ചിത്രം-3 : പുറത്തെ വലിയ മുഴയും നീളം കൂടിയ കാലുകളും ഇളക്കിയുള്ള ഒട്ടകത്തിന്റെ ആട്ടം ആർക്കും ഇഷ്ടമായില്ല.

ചിത്രം-4 : തന്റെ കുറവുകൾ മനസ്സിലാക്കാതെ കുരങ്ങനെ കളിയാക്കിയ ഒട്ടകം ലജ്ജിച്ചു തലതാഴ്ത്തി സ്ഥലം വിട്ടു.

3. ചോദ്യം വായിച്ച് ഉത്തരം കണ്ടെത്തി എഴുതാമോ?
   1. പേരാൽ മരച്ചോട്ടിലാണ് മൃഗങ്ങൾ യോഗം ചേർന്നത്.
   2. കുയിലാണ് പാട്ടുപാടിയത്.
   3. വനരാജാവായ സിംഹമാണ് കുരങ്ങനെ നൃത്തം ചെയ്യാൻ ക്ഷണിച്ചത്.
   4. പുറത്തെ വലിയ മുഴയും നീളം കൂടിയ കാലുകളും ഇളക്കിയുള്ള ഒട്ടകത്തിന്റെ ആട്ടം ആർക്കും ഇഷ്ടമായില്ല. അവരെല്ലാവരും ഒട്ടകത്തെ കൂക്കി വിളിച്ചു.
   5. തന്റെ കുറവുകൾ മനസ്സിലാക്കാതെ മറ്റുള്ളവരെ കളിയാക്കരുത് എന്നാണ് ഈ കഥയിൽ നിന്നും നമുക്ക് ലഭിക്കുന്ന ഗുണപാഠം.

4. ഒന്നിലധികം പദങ്ങൾ ചേർന്ന ഒറ്റപ്പദങ്ങൾ കണ്ടെത്താം.

മരച്ചോട്ടിൽ - മരം + ചുവട്ടിൽ

വനോത്സവം - വനം + ഉത്സവം

ഇഷ്ടമായില്ല - ഇഷ്ടം + ആയില്ല

കളിയാക്കിയ - കളി + ആക്കിയ

മനസ്സിലാക്കാതെ - മനസ്സിൽ + ആക്കാതെ



5. കഥ വായിച്ച് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. വനത്തിലുള്ള മൃഗങ്ങൾ ഏതെല്ലാം?
   2. എപ്പോഴായിരുന്നു കലാപരിപാടികൾ?
   3. ഒട്ടകത്തിന്റെ സ്വഭാവം എങ്ങനെയുള്ളതായിരുന്നു?
   4. ആരാണ് കാട്ടിലെ രാജാവ്?
   5. കുരങ്ങനെ പ്രശംസിക്കാൻ കാരണം എന്ത്?

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

ഉത്സവം - ജനക്കൂട്ടം, കച്ചവടം, വാദ്യമേളം, ആന

പക്ഷി - തൂവൽ, കൂട്, മുട്ട, മരം.

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് ഉത്സവം, പക്ഷി എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം നിർമിച്ചെഴുതാം.

ഉത്സവം - ഉത്സവത്തിന് ജനക്കൂട്ടം ഉണ്ടാകും. വാദ്യമേളങ്ങളും ആനകളും ഉത്സവത്തിനു കൂടിയേ തീരൂ.

പക്ഷി - പക്ഷികൾ മരക്കൊമ്പിലാണ് കൂടുണ്ടാക്കുന്നത്. പക്ഷികൾക്ക് പലതരത്തിലുള്ള തൂവലുകളുണ്ട്.

ഒറ്റപ്പദങ്ങൾ വികസിപ്പിച്ചെഴുതാം.

വനം + ഉത്സവം മനസ്സിൽ + ആക്കാതെ

ഇളക്കി + ഉള്ള കളി + ആക്കിയ

ഇഷ്ടം + ആയില്ല

അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കാം.

വനം - മൃഗങ്ങൾ കുയിൽ - മധുരസ്വരം ഒട്ടകം - മുഴ

വനോത്സവം - കലാപരിപാടികൾ

താഴെകൊടുത്തിരിക്കുന്ന കഥ വായിച്ച് ചോദ്യങ്ങൾ നിർമിച്ചെഴുതാം.

1. ആരാണ് പതുങ്ങിപ്പതുങ്ങി നടന്നത് ?
2. കുഞ്ഞ് ഞെട്ടി ഉണരാൻ കാരണമെന്ത് ?
3. കള്ളൻ പിടിയിലായതെങ്ങനെ ?

ത, ഥ, ദ, ധ എന്നീ അക്ഷരങ്ങൾ ചേർന്നുവരുന്ന മൂന്ന് പദങ്ങൾ വീതം എഴുതാം.

ത - തീരം, താരം, തറ ഥ

- അതിഥി, കഥകളി, മിഥില

ദ - ദയ, ദാനം, ഉദയം ധ

- ധനം, ധാന്യം, ധാരാളം

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ നിന്ന് അനുയോജ്യമായവ കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.

1. അമ്പലത്തിൽ ഉത്സവം ആണ്.

2. രഘുനാഥനു കഥകളി കാണാൻ മോഹം തോന്നി
3. കഥകളി തീർന്നപ്പോൾ സൂര്യൻ ഉദിക്കാറായി.
4. മാധവന്റെ കൂടെ പോകാൻ അനുവാദം കിട്ടി.
5. രണ്ടുപേരും ആദ്യമായി കഥകളി കാണുകയാണ്.

കണ്ടെത്താം.

ചൂല് തേരട്ട തലമുടി

## വിദ്യാലയം

1. ചിത്രവുമായി ബന്ധമുള്ള വരികൾ കവിതയിൽ നിന്നും കണ്ടെത്തി എഴുതുക.

ചിത്രം-1 : പഠിച്ചും കളിച്ചും ചിരിച്ചും വളരുവാൻ ഞങ്ങൾക്കുമുണ്ടൊരു വിദ്യാലയം.

ചിത്രം-2 : ഒത്തിരി സൗഹൃദം പൊട്ടിമുളയ്ക്കുന്ന നല്ല ശീലങ്ങൾ മനസ്സിൽ നിറയ്ക്കുന്ന

ചിത്രം-3 : കൈകളിൽ താങ്ങി നേരേ നടത്തുന്ന അമ്മയെപ്പോലുള്ള വിദ്യാലയം.

2. 1. വിദ്യാലയമാണ് പഠിച്ചും കളിച്ചും ചിരിച്ചും വളരാനുള്ള സ്ഥലം.
   2. വിദ്യാലയത്തിൽ അധ്യാപകൻ അറിവുകൾ പകർന്നു തരുന്നു.
   3, 4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

3, 4. കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

പദസൂര്യൻ നിർമിക്കാം.

അധ്യാപിക - ചോക്ക്, അറിവ്, പുസ്തകം, സ്നേഹം

വിദ്യാർത്ഥി - അനുസരണം, വിദ്യാലയം, വായന, എഴുത്ത്.

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് അധ്യാപിക, വിദ്യാർത്ഥി എന്നിവരെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

അധ്യാപിക - അധ്യാപിക അറിവ് പകർന്നു നൽകുന്നു. അധ്യാപിക ബോർഡിൽ ചോക്കുകൊണ്ട് എഴുതുന്നു.

വിദ്യാർത്ഥി - വിദ്യാർത്ഥികൾക്കുവേണ്ട ഗുണമാണ് അനുസരണം. വിദ്യാർത്ഥികൾ നിത്യവും വായിക്കേണ്ടത് അത്യാവശ്യമാണ്.

പദങ്ങൾ ചേർത്തും വികസിപ്പിച്ചും എഴുതാം.

ഞങ്ങൾക്കുമൊണ്ടൊരു ഇശ്വരൻ + ഉള്ള + ഒരു

അമ്മയെപ്പോലെ ആഹ്ലാദം + ആക്കുന്ന



അധ്യാപകരുള്ള

ഒറ്റയാനെ കണ്ടെത്തി എഴുതാം.

വീട് റോഡ് തൂമ്പ

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽനിന്ന് അനുയോജ്യമായവ കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.

1. വിദ്യാലയത്തിൽ പ്രധാന അധ്യാപകൻ / പ്രധാന അധ്യാപിക ഇരിക്കുന്നത് ഓഫീസ് മുറിയിലാണ്.
2. വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നടത്തുന്നതിന് എല്ലാ വിദ്യാലയങ്ങളിലും മൈതാനം വേണം.
3. ഗ്രന്ഥശാലയിൽ പലതരത്തിലുള്ള പുസ്തകങ്ങൾ ഉണ്ടായിരിക്കണം.
4. തെരുവോരങ്ങളിൽ രാഷ്ട്രീയ കക്ഷികളുടെ കൊടിമരങ്ങൾ കാണാം.
5. വിദ്യാലയത്തിന്റെ മുൻവശം പൂന്തോട്ടം വെച്ചു പിടിപ്പിക്കുന്നത് നല്ലതാണ്.

## വിരുന്നുസൽക്കാരം

1. ചിത്രം നോക്കി വായിച്ചു കണ്ടെത്തി എഴുതൂ.

ചിത്രം-1 : മുഷിഞ്ഞ വസ്ത്രങ്ങളണിഞ്ഞെത്തിയ നസുറുദ്ദിനെ പരിചാരകർ കൊണ്ടുപോയി ആളൊഴിഞ്ഞ മൂലയിൽ ഇരുത്തി.

ചിത്രം-2 : താമസിയാതെ നല്ല വസ്ത്രങ്ങളണിഞ്ഞെത്തിയ നസുറുദ്ദിനെ പരിചാരകർ സ്വീകരിച്ചാനയിച്ച് ആതിഥേയനായ അമീറിന്റെ തൊട്ടരികിൽ കൊണ്ടുചെന്നിരുത്തി.

ചിത്രം-3 : സ്വാദേറിയ വിഭവങ്ങൾ അയാളുടെ മുമ്പിൽ വിളമ്പാൻ തുടങ്ങി.

ചിത്രം-4 : നസുറുദ്ദിനാകട്ടെ മനോഹരമായ പാത്രങ്ങളിൽ നിന്ന് ഓരോന്നെടുത്ത് ആദ്യം തൊപ്പിയിലും പിന്നീട് കുപ്പായത്തിലും വെയ്ക്കുന്നതുകണ്ട് അമീർ അത്ഭുതപ്പെട്ടു.

2. ചോദ്യങ്ങൾ വായിച്ച് ഉത്തരമെഴുതാം.
   1. പട്ടണത്തിൽ വിരുന്നസൽക്കാരം നടക്കുന്നതറിഞ്ഞാണ് നസുറുദ്ദീൻ മുല്ല പട്ടണത്തിലേക്ക് പുറപ്പെട്ടത്.
   2. മുഷിഞ്ഞ വസ്ത്രങ്ങളണിഞ്ഞെത്തിയതുകൊണ്ടാണ് നസുറുദ്ദിനെ പരിചാരകർ മൂലയിൽ ഇരുത്തിയത്.

3. അമീർ ആയിരുന്നു ആതിഥേയൻ.
4. നസുറുദ്ദീൻ മനോഹരമായ പാത്രങ്ങളിൽ നിന്നു ഓരോന്നെടുത്ത് ആദ്യം തൊപ്പിയിലും പിന്നീട് കുപ്പായത്തിലും വെയ്ക്കുന്നതു കണ്ടിട്ടാണ് അമീർ അത്ഭുതപ്പെട്ടത്.
5. അമീറും പരിചാരകരുമാണ് ലജ്ജിച്ചു തല താഴ്ത്തിയത്.

3. ഒന്നിലധികം പദങ്ങൾ ചേർന്ന ഒറ്റപ്പദങ്ങൾ കണ്ടെത്താം.

ആളൊഴിഞ്ഞ - ആൾ + ഒഴിഞ്ഞ
ആതിഥേയനായ - ആതിഥേയൻ + ആയ
സ്വീകരിച്ചാനയിച്ച് - സ്വീകരിച്ചു + ആനയിച്ച്
വസ്ത്രമില്ലാത്ത - വസ്ത്രം + ഇല്ലാത്ത
ഓരോന്നെടുത്ത് - ഓരോന്ന് + എടുത്ത്
നടക്കുന്നതറിഞ്ഞ - നടക്കുന്നത് + അറിഞ്ഞ

4. കഥ വായിച്ച് സ്വന്തമായി ചോദ്യങ്ങൾ നിർമിക്കൂ.
1. ഈ കഥയിലെ നായകൻ ആര്
2. നസുറുദ്ദീൻ സൽക്കാര കേന്ദ്രത്തിൽ നിന്ന് മടങ്ങിപ്പോകാൻ കാരണമെന്ത്?
3. എങ്ങനെയുള്ള വിഭവങ്ങളാണ് നസുറുദ്ദീന്റെ മുമ്പിൽ വിളമ്പിയത്?
4. ആഹാരം വിളമ്പിയ പാത്രങ്ങൾ എങ്ങനെയുള്ളതായിരുന്നു?
5. നസുറുദ്ദീൻ അമീറിനോട് പറഞ്ഞതെന്ത്?

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

വീട് - സന്തോഷം, അച്ഛൻ, അമ്മ, മക്കൾ
വസ്ത്രം - നൂല്, കട, തയ്യൽക്കാരൻ, തുണി.

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് വീട്, വസ്ത്രം എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

വീട് - വീട്ടിൽ അച്ഛനും അമ്മയും മക്കളുമുണ്ട്. വീട്ടിൽ എല്ലാവരും ഒത്തുചേർന്നപ്പോൾ സന്തോഷമുണ്ടായി.

വസ്ത്രം - കടയിൽനിന്നാണ് നാം വസ്ത്രം വാങ്ങുന്നത്. വസ്ത്രങ്ങൾ തയ്ക്കുന്നത് തയ്യൽക്കാരനാണ്.

പദങ്ങൾ ചേർത്തും വികസിപ്പിച്ചും എഴുതാം.

| | |
|---|---|
| നടക്കുന്നതറിഞ്ഞ | വസ്ത്രം + ഇല്ലാത്ത |
| ആതിഥേയനായ | സ്വാദ് + ഏറിയ |
| ഓരോന്നെടുത്ത് | |

അനുയോജ്യമായവ തമ്മിൽ വരച്ച് ചേർക്കാം.

ആതിഥേയൻ - വിരുന്നുകാരൻ      വസ്ത്രം - മുഷിഞ്ഞ



പരിചാരകർ - പണക്കാരൻ      തല - തൊപ്പി
ലജ്ജ - നാണം

കളത്തിൽനിന്ന് അനുയോജ്യമായവ പദങ്ങൾ കണ്ടെത്തി വാക്യങ്ങളാക്കാം.

നാടിന്റെ സമൃദ്ധിക്കു കാരണം നദികളാണ്.
അറിവില്ലാത്തതു കാരണം അപമാനിതനായി.
വിലക്കയറ്റം കാരണം ജനങ്ങൾ കഷ്ടപ്പെട്ടു.
മഴകാരണം പനി പടർന്നു.
മടി കാരണം പരീക്ഷയിൽ തോറ്റു.

ഖണ്ഡിക വായിച്ച് ചോദ്യങ്ങൾ നിർമിച്ചെഴുതാം.
1. നഖം കടിക്കരുതെന്നു പറയാൻ കാരണമെന്ത് ?
2. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടത് എന്തുകൊണ്ട് ?
3. രോഗങ്ങളെ അകറ്റി നിർത്താൻ നാം എന്തൊക്കെ ചെയ്യണം?

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽനിന്ന് അനുയോജ്യമായവ കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.
1. മഹാത്മാഗാന്ധിയുടെ പരിശ്രമം കൊണ്ടാണ് സ്വാതന്ത്ര്യം കിട്ടിയത്.
2. അമ്മ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.
3. ആരോഗ്യം ഉണ്ടെങ്കിൽ ഉത്സാഹവും ചുറുചുറുക്കും ഉണ്ടാകും.
4. പുര മേയാഞ്ഞാൽ നനഞ്ഞൊലിക്കും.
5. ഗാന്ധിജി മുട്ടോളമെത്തുന്ന മുണ്ടാണ് ഉടുത്തിരുന്നത്.

കണ്ടെത്താം.

ആകാശം      പുൽപ്പായ      നിലവിളക്ക്

## കുഞ്ഞിക്കുരുവി

2. കഥ വായിച്ച് ചിത്രവുമായി ബന്ധമുള്ള വാക്യങ്ങൾ കണ്ടെത്തി എഴുതാം.

ചിത്രം-1 : ആൺകുരുവി തീറ്റി തേടിപ്പോകുമ്പോൾ പെൺകുരുവി തന്റെ ചിറകിനടിയിൽ കുഞ്ഞിക്കുരുവിയെ കാത്തുരക്ഷിച്ചു.

ചിത്രം-2 : ഭക്ഷണം കൊത്തിമുറിച്ചു ചെറുതാക്കി അമ്മക്കുരുവി കുഞ്ഞിക്കുരുവിയുടെ വായ്ക്കുള്ളിൽ വെച്ചു കൊടുക്കും.

ചിത്രം-3 : അങ്ങനെ ഒരു ദിവസം ആലിന്റെ ചില്ലയിൽ ഇരി

ക്കുമ്പോൾ കുറേ പക്ഷികൾ ആകാശത്തിലൂടെ പറന്നു പോകുന്നത് കുഞ്ഞിക്കുരുവി കണ്ടു.

3. ഉത്തരം എഴുതാം.
   1. കണ്ണാടിപ്പുഴയുടെ തീരത്താണ് ആൽമരം നിന്നിരുന്നത്.
   2. ആൺകുരുവിയാണ് തീറ്റി തേടിപോകുന്നത്.
   3. ചിറകിനു കരുത്തു വരാതെ പുറത്തേക്ക് പറക്കുന്നത് ആപത്താണെന്നാണ് അമ്മക്കുരുവി കുഞ്ഞിക്കുരുവിയോട് പറഞ്ഞത്.
   4. ഒരു ദിവസം ആലിന്റെ ചില്ലയിൽ ഇരിക്കുമ്പോൾ കുറെ പക്ഷികൾ ആകാശത്തിലൂടെ പറന്നു പോകുന്നത് കുഞ്ഞിക്കുരുവി കണ്ടു.
   5. മാതാപിതാക്കളുടെ ഉപദേശം കേൾക്കാതിരുന്നാൽ ആപത്തായിരിക്കും ഫലം.
4. പാഠഭാഗം വായിച്ച് സ്വന്തമായി ചോദ്യങ്ങൾ നിർമിക്കൂ.
   1. ആൽ മരത്തിൽ ആരെല്ലാമാണ് പാർത്തിരുന്നത്?
   2. കുഞ്ഞിക്കുരുവി വേഗത്തിൽ വളരാൻ കാരണമെന്ത്?
   3. അമ്മയുടെ വാക്കുകളുടെ വില കുഞ്ഞിക്കുരുവിക്ക് മനസ്സിലായത് എപ്പോൾ?
   4. പറക്കാൻ എന്താണ് വേണ്ടത്?
   5. എപ്പോഴാണ് ആൺകുരുവി ആഹാരവുമായി എത്തുന്നത്?
5. അടിയിൽ വരച്ച പദങ്ങളുടെ സമാനപദം എഴുതി ഖണ്ഡിക പകർത്തി എഴുതാം.
   സ്കൂളിൽ നിന്നും വളരെ അകലെയാണ് ഗോപി താമസിച്ചിരുന്നത്. അവന്റെ വീട്ടിൽ നിന്ന് ബസ് സ്റ്റോപ്പിലേക്ക് കുറച്ചു ദൂരമേ ഉണ്ടായിരുന്നുള്ളൂ. അമ്മ ഉച്ചയ്ക്കുള്ള ഭക്ഷണം പാത്രത്തിലാക്കി സ്കൂളിലേക്കു കൊടുത്തയയ്ക്കും. ഊണിനു ശേഷം മരക്കൊമ്പുകളിൽ കളിക്കുന്നത് ഗോപിയുടേയും ചങ്ങാതിമാരുടേയും പതിവാണ്. എന്നാൽ മഴക്കാലത്ത് മരത്തിൽ കയറാൻ അവർ പേടിച്ചു.
6. സ്വന്തമായി കണ്ടെത്തി എഴുതണം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

വായ - മുഖം, നാവ്, പല്ല്, ചുണ്ട്

മാതാപിതാക്കൾ - വീട്, അച്ചടക്കം, സ്നേഹം, മക്കൾ

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് വായ, മാതാപിതാക്കൾ എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

വായ - വായ്ക്കകത്ത് പല്ലും നാവുമുണ്ട്. വായ്ക്കകത്തെ പല്ലുകൾ വൃത്തിയായി സൂക്ഷിക്കണം.



മാതാപിതാക്കൾ - മാതാപിതാക്കളാണ് കുട്ടികളെ അച്ചടക്കം പരിശീലിപ്പിക്കേണ്ടത്. മാതാപിതാക്കൾ മക്കളെ സ്നേഹത്തോടെ വളർത്തുന്നു.

പദങ്ങൾ ചേർത്തും വികസിപ്പിച്ചും എഴുതാം.

ചിറകിന് + അടിയിൽ    കിട്ടിയപ്പോൾ

ആപത്ത് + ആണെന്ന്    തിരിച്ചെത്താൻ

വീഴും + എന്ന്

താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾ നിർമിക്കാം.

1. എങ്ങനെയാണ് അറിവുകൾ സൂക്ഷിച്ചുപോന്നത് ?
2. കടലാസ് എന്തിനെല്ലാം ഉപയോഗിക്കുന്നു ?
3. കടലാസിന്റെ മറ്റുരൂപങ്ങൾ ഏതെല്ലാം ?

അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാം.

ചിറക് - തൂവൽ    മാതാപിതാക്കൾ - അമ്മയും അച്ഛനും

ആൽമരം - തണൽ    പക്ഷി - കൂട്

അഹങ്കാരം - ആപത്ത്

കണ്ടെത്താം.

വാഴക്കുല    നക്ഷത്രങ്ങൾ    ഒപ്പുകടലാസ്

താഴെ കൊടുത്തിരിക്കുന്ന അനുയോജ്യമായ പദങ്ങൾകൊണ്ട് വാക്യങ്ങൾ നിർമിക്കാം.

ഊണിനുശേഷം കയ്യും വായും കഴുകണം.

ഭക്ഷണത്തിനുശേഷം ഉടനെ കഠിനമായി അധ്വാനിക്കരുത്.

വായനയ്ക്കുശേഷം ചിന്തിക്കണം.

എഴുതിയശേഷം വായിച്ചുനോക്കണം.

മഴയ്ക്കുശേഷം പ്രകാശം പരന്നു.

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽനിന്ന് അനുയോജ്യമായവ കണ്ടെത്തി വാക്യങ്ങൾ പൂർണമാക്കാം.

1. ചന്ദനം സുഗന്ധം ഉള്ള മരമാണ്.
2. ആഹാരം പാകം ചെയ്യാൻ വെള്ളം ആവശ്യമാണ്.
3. ആഹാരം ചവച്ചരച്ച് കഴിച്ചില്ലെങ്കിൽ ദഹനക്കേട് ഉണ്ടാകും.
4. ആരോഗ്യത്തിന് വ്യായാമം ആവശ്യമാണ്.
5. മഴവെള്ളം മണ്ണിൽ താണു കിണറുകളിൽ എത്തുന്നു.

## എന്റെ വീട്

1. കവിത വായിച്ച് ചിത്രവുമായി ബന്ധമുള്ള വരികൾ കണ്ടെത്തി എഴുതാം.

   ചിത്രം-1 : കുന്നിനു താഴെ കുയിലുകൾ കൂകുന്ന
   പൂമരച്ചോട്ടിലാണെന്റെ വീട്.

   ചിത്രം-2 : സത്യം പറയാനും നല്ലതു ചെയ്യാനും
   എന്നും പഠിപ്പിക്കും എന്റെ അമ്മ.

ചിത്രം-3 : പാഠം പഠിക്കാനും ജോലികൾ ചെയ്യാനും
ഏറെ സഹായിക്കും എന്റെ അച്ഛൻ.
ചിത്രം-4 : ഓരോദിനത്തിലും നന്മകൾ കായ്ക്കുന്ന
ഒരു വൻമരമായി ഞാൻ വളരും.

2. ഉത്തരം എഴുതാം.
   1. കുന്നിനു താഴെ കുയിലുകൾ കൂകുന്ന പൂമരച്ചോട്ടിലാണ് കുട്ടിയുടെ വീട്.
   2. അമ്മയും അച്ഛനുമാണ് വീട് സ്വർഗമാക്കുന്നത്.
   3. സത്യം പറയാനും നല്ലതു ചെയ്യാനുമാണ് അമ്മ കുട്ടിയെ പഠിപ്പിക്കുന്നത്.
   4. അച്ഛനാണ് പാഠം പഠിക്കാൻ സഹായിക്കുന്നത്.
   5. നന്മകൾ ചെയ്ത് വളരാനാണ് കുട്ടി ആഗ്രഹിക്കുന്നത്.
3. കുട്ടികൾ സ്വന്തമായി ചെയ്യേണ്ടതാണ്.
4. 1. ഒരു വൻ തരുവായി ഞാൻ വളരും.
   2. എന്നെ വളർത്തിയ അമ്മയ്ക്കും അച്ഛനും
   നിഴലേകും മരമായി വളർന്നു നിൽക്കും.
5. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

പദസൂര്യൻ നിർമിക്കാം.

പൂന്തോട്ടം - പൂക്കൾ, ചെടികൾ, വളം, നനയ്ക്കൽ
പഠനം - വിദ്യാലയം, വായന, എഴുത്ത്, പുസ്തകം

പദസൂര്യനിലെ പദങ്ങളും കേന്ദ്രപദവും തമ്മിൽ ചേർത്ത് പൂന്തോട്ടം, പഠനം എന്നിവയെപ്പറ്റി രണ്ട് വാക്യങ്ങൾ വീതം എഴുതാം.

പൂന്തോട്ടം - പൂന്തോട്ടത്തിൽ പലതരം പൂക്കൾ വിടരുന്നു. പൂന്തോട്ടത്തിൽ പലതരം ചെടികൾ ഉണ്ടാകും.
പഠനം -കുട്ടികൾ പഠിക്കുന്നതിന് വിദ്യാലയത്തിൽ പോകുന്നു.

പദങ്ങൾ ചേർത്തും വികസിപ്പിച്ചും എഴുതാം.

| | | |
|---|---|---|
| പൂമരച്ചോട്ടിൽ | സ്വർഗം + ആണ് + എന്റെ | |
| തരുവായി | തണൽ + ഏകുക | വൻമരമായി |

താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ നിന്ന് അനുയോജ്യമായവ കണ്ടെത്തി ഖണ്ഡിക പൂർണമാക്കാം.

വെള്ളിയരഞ്ഞാണം പോലെ പുഴകളും തോടും ഭംഗിയേറിയ മലരണിക്കാടുകളും കളകളംപാടി ഒഴുകുന്ന കാട്ടുചോലകളും, തുള്ളിക്കളിക്കുന്ന കടലും എന്റെ നാട്ടിലുണ്ട്. വള്ളിക്കുടിലുകൾ തോറും പുള്ളിക്കുയിലുകൾ പാടുന്നു.

താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ചേർന്നുവരുന്ന പദങ്ങൾ നിർമിക്കാം. ത്ര, ങ്ക, ന്യ, ശ്ര, പ്ര

ത്ര - എത്ര, നേത്രം
ങ്ക - മങ്ക, പങ്കായം
ന്യ - ന്യായം, അന്യൻ
ശ്ര - ശ്രദ്ധ, ശ്രമം



പ്ര - പ്രകൃതി, പ്രതിഭ

കവിത പൂർണമാക്കാം.

ബൗ, ബൗ പട്ടികുരച്ചു
ക്രാ ക്രാ കാക്ക കരഞ്ഞു
കൂ കൂ എന്ന് കുയിൽ കൂവി
ശർ ശർ എന്നു മഴ പെയ്തു.